**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4013** **09-08-2021 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ കരാർ കാലാവധി അവസാനിക്കുന്നതുവരെ പ്രവൃത്തി നീട്ടിക്കൊണ്ടുപോവുകയും കരാറിൽ നിന്നും പിൻവാങ്ങുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ പ്രവൃത്തി നീട്ടികൊണ്ടുപോകുന്ന അവസ്ഥ ചുരുക്കം ചില പ്രവൃത്തികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ പ്രവൃത്തികളുടെ വർക്ക് ഷെഡ്യൂൾ നൽകാറുണ്ടോ; എങ്കിൽ വർക്ക് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി ചെയ്യാത്ത കരാറുകാരെ കാലാവധിക്കുമുൻപ് ഒഴിവാക്കാൻ കഴിയില്ലേയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; ഇത്തരക്കാരെ ഒഴിവാക്കിയാൽ പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യാനും സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയില്ലേയെന്ന് അറിയിക്കുമോ; | (ബി) | മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ പ്രവൃത്തികളുടെ വർക്ക് ഷെഡ്യൂൾ നൽകാറുണ്ട്. തൃപ്തികരമായ പുരോഗതിയില്ലാത്ത പ്രവൃത്തികളുടെ കരാറുകാരെ കാലാവധിക്ക് മുമ്പ് കരാറുകാരന്റെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുന്നതാണ്. എന്നാൽ നിലവിലുള്ള കോവിഡ് മഹാമാരി മൂലം പ്രവൃത്തി ചെയ്യേണ്ട സ്ഥലങ്ങൾ കണ്ടയിൻമെന്റ് സോൺ, തൊഴിലാളിക്കുറവ്, കേരള വാട്ടർ അതോറിറ്റി /കെ.എസ്.ഇ.ബി യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, കോവിഡ് മൂലം ലോക്ക് ഡൗൺ, പ്രതികൂലമായ കാലാവസ്ഥ എന്നീ കാരണങ്ങൾ കൊണ്ട് പ്രവൃത്തികളുടെ കാലാവധി നീട്ടി നൽകേണ്ടി വരുന്നുണ്ട്. |
| (സി) | മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്താനും വിലയിരുത്താനും എന്ത് സംവിധാനമാണ് നിലവിലുള്ളത്; | (സി) | പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള ഗുണനിലവാര പരിശോധന ഉറപ്പാക്കിയും ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലുമാണ് പ്രവൃത്തികൾ നടത്തുന്നത്. മരാമത്ത് പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും ജില്ലാ തലത്തിലും, സർക്കിൾ തലത്തിലും, സംസ്ഥാന തലത്തിലും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (ഡി) | പ്രവൃത്തി ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരാർ കാലാവധിക്ക് മുമ്പുതന്നെ ടെർമിനേറ്റ് ചെയ്യുന്നതിനും പൊതുമരാമത്ത് പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ | (ഡി) | വീഴ്ച വരുത്തുന്ന കരാറുകാരെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുന്നതിനും പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനും പൊതുമരാമത്ത് മാന്വൽ, എസ്.ബി.ഡി എന്നിവ പ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ ഭേദഗതികൾ പി.ഡബ്ല്യു.ഡി. മാന്വലിലും ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ